(2) സാംസ്കാരിക സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : സർ, സാഹിത്യ അക്കാഡമി, ലളിത കലാ അക്കാഡമി തുടങ്ങിയ സാംസ്കാരിക സ്ഥാപനങ്ങളിലെ മുന്നു റിൽത്താഴെ വരുന്ന ജീവനക്കാർക്ക് പെൻഷൻ നൽകുമെന്ന് ഉറപ്പുനൽകിയിട്ട് വർഷങ്ങളായി. അതിനുവേണ്ടി ബഡ്ജറ്റ് അലോട്ടുമെന്റും നൽകിയെന്നാണ് 1997-ൽ ധനകാര്യവകുപ്പുമന്ത്രി പറഞ്ഞത്. പക്ഷേ ഇന്നും അത് യാഥാർത്ഥ്യ മായിട്ടില്ല. പല ജീവനക്കാരും പെൻഷൻ പറ്റിപിരിയുകയാണ്. സമാനമായ പല സ്ഥാപനങ്ങളിലും പെൻഷൻ നടപ്പിൽവരുത്തുകയും ചെയ്തു. അതു കൊണ്ട് സാംസ്കാരികരംഗത്തെ ഈ ജീവനക്കാർക്ക് മുൻകാല പ്രാബല്യ ത്തോടുകൂടി പെൻഷൻ അനുവദിക്കാൻ ഉടനടി നടപടി സ്വീകരിക്കണമെന്ന് സാംസ്കാരിക വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : കേരള സാഹിത്യ അക്കാഡമി, സംഗീത അക്കാഡമി, ലളിത കലാ അക്കാഡമി, സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂ ട്ട്, സംസ്ഥാന സർവ്വ വിജ്ഞാനകോശം തുടങ്ങിയ സാംസ്കാരിക സ്ഥാപന ങ്ങളിലെ ജീവനക്കാർക്ക് ഒരു പെൻഷൻ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കു മെന്ന് സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു. ഇതിലുണ്ടായിട്ടുള്ള കാലവിളംബത്തെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പറുടെ സബ്മിഷൻ. എത്രയും വേഗം പെൻഷൻ പദ്ധതിക്ക് അന്തിമരൂപം നൽകി നടപ്പിൽവരുത്താനുള്ള ശ്രമത്തി ലാണ് സർക്കാർ ഏർപ്പെട്ടിട്ടുള്ളത്. ഇനിയും കാലവിളംബം ഉണ്ടാകാതിരി ക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

(3) ദേശീയ യുവോത്സവം

ശ്രീ. എം.വി. ജയരാജൻ : സർ, ദേശീയ യുവോത്സവം കേരളത്തിൽ വച്ചു നടത്താൻവേണ്ടി കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിനുമുൻപ് കേന്ദ്ര ഗവണ്മെന്റ് തീരുമാനിച്ച് അറിയിച്ചതിനെത്തുടർന്ന് സംസ്ഥാന ഗവണ്മെന്റ് തൃശ്ശൂരിൽ വച്ച് നടത്താൻ എല്ലാ ഒരുക്കങ്ങളും പൂർത്തിയാക്കിയതാണ്. അതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതാണ്. കഴിഞ്ഞയാഴ്ച സംസ്ഥാന ഗവണ്മെന്റിന് കിട്ടിയിട്ടുള്ള കേന്ദ്രസർക്കാരിന്റെ ഉത്തരവനുസരിച്ച് തൃശ്ശൂരിൽനിന്ന് ഈ യുവോത്സവം അഹമ്മദാബാദിലേക്ക് മാറ്റിയിരിക്കുന്നു. കേരളീയരെ ആകെ അപമാനിക്കുന്നതിന് തുല്യമാണിത്. ക്ഷണിക്കുക, സദ്യ യ്ക്കായി ഇരിക്കുക ഇല വയ്ക്കുക അതിനുശേഷം പൊയ്ക്കൊള്ളാൻ ധിക്കാ രപൂർവം പറയുക. ഇതാണ് കേന്ദ്രഗവണ്മെന്റ് ചെയ്തിട്ടുള്ളത്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ വച്ച് നടത്താൻ എല്ലാ പാർട്ടികളു ടേയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന സാംസ്കാരിക പ്രവർത്തകരുടെയും സാംസ്കാരിക സംഘടനാ പ്രതിനിധികളുടെയും എല്ലാ സംഘടനകളുടേയും പ്രവർത്തകൻമാർ ഉൾക്കൊള്ളുന്ന സംഘടിതസമിതിയും രൂപീകരിച്ചിട്ടുണ്ട്. രണ്ടുലക്ഷം രൂപ കേരള സർക്കാർ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ യുവോത്സവം കേരളത്തിൽനിന്ന് മാറ്റാൻവേണ്ടി കേന്ദ്രം എടുത്തിട്ടുള്ള തീരു മാനം ധിക്കാരപരമായ നടപടിയായി മാത്രമേ കാണാൻ കഴിയൂ. നെഹ്റു യുവക് കേന്ദ്രം ഇപ്പോൾ കേന്ദ്രത്തിന്റെ കൈവശമുള്ള ഒരു സ്ഥാപനമാണ്. ആ സ്ഥാപനത്തിൽ ഈയിടെയായി ഒരു ആർ.എസ്.എസ്. നേതാവിനെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ഗവണ്മെന്റ് നിയമിച്ചിട്ടുണ്ട്. നെഹ്റു യുവക് കേന്ദ്രത്തെ ഉപയോഗിച്ചു കൊണ്ട് ആർ.എസ്.എസിന്റെ പ്രത്യയശാസ്ത്രം നടപ്പാക്കാൻ വേണ്ടിയുള്ള ഹീനമായിട്ടുള്ള ഒരു നടപടിയാണ് ഇതിന്റെ പിന്നിൽ എന്നുവേണം കരുതാൻ. നെഹ്റു യുവക് കേന്ദ്രത്തിന്റെ വൈസ് ചെയർമാൻ ഈയിടെ പത്രസമ്മേളനത്തിൽ വ്യക്തമാക്കിയത് അദ്ദേഹം കേന്ദ്രത്തോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ഈ യുവോത്സവം ഇവിടെനിന്ന് മാറ്റിയത് എന്നാണ്. രാജ്യത്തെ എല്ലാ രംഗങ്ങളിലും ആർ.എസ്.എസിന്റെ പ്രത്യയശാസ്ത്രം നുഴഞ്ഞുകയറ്റത്തിലൂടെ ഫാസിസ്റ്റ് രീതിയിൽ അടിച്ചേല്പിക്കാനുള്ള പരിശ്രമമാണ് നടത്തുന്നത്. സ്നേഹത്തിന്റേയും ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും വേദിയായി മാറ്റേണ്ട യുവോത്സവ വേദിയെ സങ്കുചിത രാഷ്ട്രീയ വീക്ഷണമനുസരിച്ച് തങ്ങളുടെ പ്രത്യയശാസ്ത്രം അടിച്ചേല്പിക്കാൻവേണ്ടിയുള്ള വേദിയായി മാറ്റാനുള്ള ഈ നീക്കത്തിൽ മലയാളികളുടെ ആകെ പ്രതിഷേധം ഉയർത്തിക്കൊണ്ടുവരാൻ ഈ ഗവണ്മെന്റ് തയ്യാറാകണം. കേന്ദ്ര ഗവണ്മെന്റിനെ നമ്മുടെ പ്രതിഷേധം അറിയിക്കണം. യുവജനസംഘടനകളുടെ പ്രതിനിധികളെ വിളിച്ച് ഇതു സംബന്ധിച്ച് ചർച്ച ചെയ്ത് ഇതിനെപ്പറ്റി ഗൗരവമായി ആലോചിക്കാൻ ഗവണ്മെന്റ് സന്നദ്ധമാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ കൊണ്ടുവന്നിട്ടുള്ളത് ഏറ്റവും പ്രധാനവും പ്രസക്തവുമായിട്ടുള്ള കാര്യമാണ്. മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ സംസ്ഥാന ഗവണ്മെന്റിനോട് ആറാം ദേശീയ യുവോത്സവം നടത്താൻ തയ്യാറാണോ എന്ന് കേന്ദ്രം ആവശ്യപ്പെട്ടതനുസരിച്ച് നമ്മൾ കേരളത്തിൽ വച്ച് ദേശീയ യുവഉത്സവം നടത്താൻ തയ്യാറാണെന്ന സമ്മതം കൊടുക്കുകയും 20.8.99-ൽ ആറാം ദേശീയ ഉത്സവം കേരളത്തിൽ വച്ചു നടത്താമെന്ന് കേന്ദ്ര ഗവണ്മെന്റ് സമ്മതിക്കുകയും അതു നമ്മളെ അറിയിക്കുകയും ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കം പങ്കെടുത്തുകൊണ്ട് 4.10.99-ൽ ദേശീയ ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിച്ചത്. ദേശീയ ഓർഗനൈസിംഗ് കമ്മിറ്റി രൂപീകരിച്ചതിനുശേഷം 2.11.99-ൽ തൃശ്ശൂരിൽ വച്ച് അതിന്റെ സംഘാടക സമിതി രൂപീകരിച്ച് പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് 6.12.99-ൽ ദേശീയ യുവ ഉൽസവം അഹമ്മദാബാദിൽ വച്ചു നടത്തുമെന്ന് കേന്ദ്രഗവണ്മെന്റ് കേരളത്തെ അറിയിച്ചിരിക്കുന്നത്. നേരത്തെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കേരളത്തിലെ മുഴുവൻ ജനങ്ങളേയും അവഹേളിക്കുകയും അപഹാസ്യരാക്കുകയും ചെയ്യുന്ന നടപടിയായിപ്പോയി ഇതെന്ന കാര്യത്തിൽ തർക്കമില്ല. ഇതു സംബന്ധിച്ച് കേന്ദ്രത്തിൽ കേരളത്തിന്റെ പ്രതിഷേധം അറിയിക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ക്യാബിനറ്റുതന്നെ ഇതിലുള്ള പ്രതിഷേധം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. അതോടൊപ്പം ഈ സഭയുടേയും കൂട്ടായ പ്രതിഷേധം അറിയിക്കേണ്ടതാണ്.

മി. സ്പീക്കർ : എല്ലാവരും സഹകരിക്കുകയാണെങ്കിൽ ഒരു പ്രമേയം കൊണ്ടുവന്ന് ചർച്ചകൂടാതെ പാസ്സാക്കുന്ന കാര്യത്തെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ : അതു തന്നെയാണ് ഉദ്ദേശിക്കുന്നത്. കാരണം കേരളത്തോടുള്ള അവഗണനയായി മാത്രം ഇതിനെ കണ്ടാൽ പോരാ. നിലവിലുള്ള ഫെഡറൽ സംവിധാനത്തെ തന്നെ തുരങ്കം വയ്ക്കുന്ന സമീപനമാണിത്. കേരളത്തോടുള്ള അവഗണന മാത്രമല്ല നമ്മുടെ നിലവി

LIBRARY ARCHIVES Kerala Legislative Assembly

ലുള്ള ഭരണഘടനയോടുള്ള അപകടകരമായ നിലപാടാണിത് എന്നു മനസ്സിലാക്കിക്കൊണ്ട് കേരളത്തിലെ മുഴുവൻ ആളുകളും കക്ഷി രാഷ്ട്രീയത്തിനതീതമായി കേന്ദ്രത്തോടുള്ള പ്രതിഷേധമുയർത്തി കൊണ്ടുവരണം. നാളെ പതിനൊന്നു മണിക്ക് കേരളത്തിലെ എല്ലാ യുവജനസംഘടനകളേയും വിളിച്ചിട്ടുണ്ട്. അങ്ങനെ ഇതിന്റെ ശക്തമായ പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാനുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## (4) കെ.എൽ.ഡി. ആന്റ് എം.എം. ബോർഡിലെ ഐ.എൻ.ടി.യു.സി. തൊഴിലാളികളുടെ പണിമുടക്ക്

<u>ശ്രീ. ഇ.എം. അഗസ്തി</u> : സർ, കേരളത്തിലെ ലൈവ് സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിലെ ഐ.എൻ.ടി.യു.സി. തൊഴിലാളികൾ ഇപ്പോൾ സമരത്തിലാണ്. അവർ ഉന്നയിച്ചിരിക്കുന്ന പ്രധാന പ്രശ്നം കെ.എൽ.ഡി. ബോർഡിലെ പ്രധാന യൂണിയനായ ഐ.എൻ.ടി.യു.സി. യൂണിയന് ഇതുവരെ അംഗീകാരം നൽകിയിട്ടില്ലയെന്നുള്ളതാണ്. ഈ യൂണിയനെ അംഗീകരിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ബോർഡിന് നിർദ്ദേശം നൽകണമെന്ന് താല്പര്യപ്പെടുന്നു. അതുപോലെ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിയോജകമണ്ഡലമായ പീരുമേട്ടിൽ ഒരു ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ നടന്നുവരികയാണ്. കെ.എൽ.ഡി. ബോർഡിലെ കോലാഹലമേട്ടിലെ യൂണിറ്റ് ഏറ്റെടുത്ത് ഡയറി സയൻസ് കോളേജായി പ്രവർത്തനം ആരംഭിക്കുമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ യൂണിറ്റ് ഏറ്റെടുക്കുമ്പോൾ കോലാഹലമേട്ടിൽ കെ.എൽ.ഡി. ബോർഡിന്റെ കീഴിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകളെ സംബന്ധിച്ചുള്ള ആശങ്ക അവരിൽ നിലനിൽക്കുകയാണ്. ഈ ഡയറി സയൻസ് കോളേജ് ആരംഭിക്കുന്നതോടൊപ്പം കെ.എൽ.ഡി. ബോർഡിലെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾക്ക് സുരക്ഷിതത്വമുറപ്പു വരുത്തുന്നതിന് കെ.എൽ.ഡി. ബോർഡിന്റെ ഒരു യോഗം വിളിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമവകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ)</u> : സർ, കെ.എൽ.ഡി. ബോർഡ് വർക്കേഴ്സ് ഫെഡറേഷൻ എന്ന സംഘടനയ്ക്ക് അംഗീകാരം നൽകണമെന്നാണ് ഒന്നാമത്തെ ആവശ്യം. ഈ ആവശ്യം നിലനിൽക്കത്തക്കതല്ല എന്ന് 19.8.98-ലും 25.8.98-ലും ഹൈക്കോടതി വിധിക്കുകയുണ്ടായി. മാത്രമല്ല, ഐ.എൻ.ടി.യു.സി. യുടെ തന്നെ മറ്റൊരു അംഗീകൃത സംഘടന നിലവിലുണ്ട്. അതിന്റെ പേര് കെ.എൽ.ഡി. ആന്റ് എം.എം. ബോർഡ് എംപ്ലോയീസ് ഓർഗനൈസേഷൻ എന്നാണ്. റഫറണ്ടം ആവശ്യപ്പെട്ടുകൊണ്ടുള്ള ഹർജി ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഒ.പി. നമ്പർ 14478/88 ആണ്. അതുകൊണ്ട് അക്കാര്യത്തിൽ ഗവണ്മെന്റിന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. മറ്റൊരാവശ്യം ഡയറി സയൻസ് കോളേജ് തുടങ്ങുന്നതിനെ സംബന്ധിച്ചാണ്. അങ്ങനെ ഡയറി സയൻസ് കോളേജ് തുടങ്ങുമ്പോൾ കെ.എൽ.ഡി. ബോർഡിലെ ഇപ്പോഴുള്ള എംപ്ലോയീസിനെ പ്രൊട്ടക്ടു ചെയ്തുകൊണ്ടു മാത്രമേ നടപടി സ്വീകരിക്കുകയുള്ളൂ. ബഹുമാനപ്പെട്ട അഗസ്തി സൂചിപ്പിച്ചതുപോലെ കെ.എൽ.ഡി. ബോർഡിലെ എംപ്ലോയീസ് സംഘടനകളെ വിളിച്ചുകൂട്ടി ഇക്കാര്യത്തിൽ കൺവീൻസ് ചെയ്തുകൊണ്ട് കാര്യങ്ങൾ ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly